**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
**jdacad@gmail.com,**
ഫോൺ: **0471-2580738**

**നം. HSE/6803/2025-Acd Spl2(2)** **തീയതി: 02-06-2025**

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - **2025** - **2026** പുതിയ അധ്യയനവർഷത്തിന്റെ ആരംഭം - **'കൂടെയുണ്ട് കരുത്തേകാൻ'** - ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് നിയമ,ശുചിത്വ,മാനസികസുസ്ഥിതി ബോധവത്കരണ - പരിശീലന പരിപാടി - സ്കൂൾതലത്തിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകൾ ജൂൺ രണ്ടാം തീയതി തുറക്കുന്നതോടുകൂടി പുതിയൊരു അധ്യയന വർഷത്തിന് തുടക്കമാവുകയാണ്.

ഒരു വ്യക്തിയുടെ ജീവിതത്തിലെ നിർണ്ണായകമായ കാലഘട്ടമാണ് സ്കൂൾ ജീവിതം. സ്കൂൾ കാലഘട്ടത്തിൽ പ്രത്യേകിച്ച് കൗമാര പ്രായത്തിലുണ്ടാകുന്ന അനുഭവങ്ങൾ കുട്ടിയുടെ മാനസികാരോഗ്യത്തെ വളർത്താനോ തളർത്താനോ കാരണമാകും. അതുകൊണ്ടുതന്നെ കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. വിദ്യാർത്ഥികളിൽ ശാരീരിക, മാനസിക, സാമൂഹികാരോഗ്യം പരിപോഷിപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ വിവിധ എജൻസികളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

യുവജനങ്ങളിലും കൗമാരക്കാരിലും ഉയർന്നു വരുന്ന അക്രമപ്രവണതകൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, വൈകാരിക മാനസിക പ്രശ്നങ്ങൾ, അപകടകരായ വാഹന ഉപയോഗം, ഡിജിറ്റൽ അഡിക്ഷൻ, റാഗിംഗ് തുടങ്ങിയവയ്ക്ക് ശാസ്ത്രീയമായ പരിഹാരമാർഗങ്ങൾ കണ്ടെത്തുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയായി മാറിയിരിക്കുകയാണ്. അതിനായി സ്കൂൾ കാലഘട്ടത്തിൽ തന്നെ കുട്ടികളെ

പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. പ്രതിസന്ധികളെ ധൈര്യപൂർവം നേരിടുന്നതിനും ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്കൂൾതലത്തിൽ തന്നെ കുട്ടികളിൽ അഭിലഷണീയമായ പരിവർത്തനങ്ങളും നിലപാടുകളും വളർത്തിയെടുക്കേണ്ടതുണ്ട്.

ഈ ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തി പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം തയ്യാറാക്കിയ ബോധവൽക്കരണ പരിശീലന പരിപാടിയാണ് **'കൂടെയുണ്ട് കരുത്തേകാൻ'**

ഈ പദ്ധതിയുടെ നടത്തിപ്പിനായി വിവിധ സർക്കാർ സംവിധാനങ്ങളുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും സേവനം ഉപയോഗിച്ചുകൊണ്ട് മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ മൊഡ്യൂളുകളിലെ ആശയം ഫലപ്രദമായി സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

- '**കൂടെയുണ്ട് കരുത്തേകാൻ**' എന്ന ഈ ബോധവൽക്കരണ പരിശീലന പദ്ധതി എല്ലാ ഹയർസെക്കൻഡറി വിദ്യാർത്ഥികളിലും എത്തിക്കുന്നതിന്റെ ഭാഗമായി, തയ്യാറാക്കപ്പെട്ട മൊഡ്യൂളുകൾ എല്ലാ വിദ്യാലയങ്ങളിലും എത്തിക്കുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ഓരോ വിദ്യാഭ്യാസ ജില്ലയിലെയും ഒരു സൗഹൃദ കോഡിനേറ്റർ, ഒരു NSS കോഡിനേറ്റർ എന്നിങ്ങനെ രണ്ടു വീതം അധ്യാപകർക്ക് മൊഡ്യൂളുകളിൽ പരിശീലനം നൽകുന്നതാണ്.
- ജൂൺ 10,11 തീയതികളിലായി ഓരോ സ്കൂളിലെയും രണ്ട് അധ്യാപകർക്ക് വീതം, ഒരു സൗഹൃദ കോഡിനേറ്റർ, ഒരു NSS കോഡിനേറ്റർ (NSS ഇല്ലാത്ത സ്കൂളുകളിൽ ഒരു അധ്യാപകനെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്) വിദ്യാഭ്യാസ ജില്ല തലത്തിൽ പരിശീലനം ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ, കരിയർഗൈഡൻസ് വിദ്യാഭ്യാസ ജില്ലാ കൺവീനർ, എൻഎസ്എസ് ജില്ലാ കൺവീനറുടേയും നേതൃത്വത്തിൽ പരിശീലനം ലഭിച്ച എൻഎസ്എസ് കോഡിനേറ്റർ, സൗഹൃദ കോഡിനേറ്റർ എന്നിവരുടെ സഹായത്തോടെ നടത്തേണ്ടതാണ്.
- ജൂൺ 3,4,5 തീയതികളിൽ ഏതെങ്കിലും രണ്ടു ദിവസം പ്ലസ് ടു വിദ്യാർത്ഥികൾക്ക് **ശുചിത്വം, നിയമം** എന്നീ വിഷയങ്ങളിലായി ഒന്നു മുതൽ രണ്ടു മണിക്കൂർ വരെയുള്ള രണ്ടു ക്ലാസുകൾ ഏർപ്പെടുത്തുന്നതിനായി സ്കൂൾ തലത്തിൽ സംവിധാനങ്ങൾ ചെയ്യേണ്ടതാണ്. ഇതിനായി വിദ്യാഭ്യാസ ജില്ലയിലെ പരിശീലനം ലഭിച്ചവരിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്. ഈ

വിഷയങ്ങളിൽ ആവശ്യമായ റിസോഴ്സ് പേഴ്സൺ നെ ലഭ്യമാക്കാൻ ശുചിത്വമിഷൻ, തദ്ദേശസ്വയം ഭരണ വകുപ്പ്, ലീഗൽ സർവീസസ് അതോറിറ്റി എന്നിവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

- ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ മാർക്ക് നേരിട്ട് നൽകുന്നതിനായി സംസ്ഥാനത്തെ 4 സോണുകളായി തിരിച്ചു **ജൂൺ 2** ന് ഓൺലൈൻ മീറ്റിംഗ് ക്രമീകരിച്ചിട്ടുണ്ട്. ഇതിനായി തുടർ അറിയിപ്പുകൾ ലഭിക്കുന്നതാണ്.
- **ജൂൺ 9** നു ഉച്ചയ്ക്കുശേഷം സ്റ്റാഫ്, പിടിഎ എന്നിവർക്ക് പദ്ധതിയുടെ ആശയം വിശദീകരിച്ച് നൽകുന്നതിനായി അതത് സ്കൂൾ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ യോഗം ചേരേണ്ടതാണ്.
- ജൂൺ 12, 13, 16, 17 തീയതികളിലായി വിദ്യാർത്ഥികളിലേക്ക് **'കൂടെയുണ്ട് കരുത്തേകാൻ'** എന്ന പദ്ധതിയുടെ ആശയങ്ങൾ പൂർണ്ണമായും എത്തിക്കുന്നതിന് ക്ലാസുകൾ അതാത് സ്കൂൾ തലത്തിൽ ഒരുക്കേണ്ടതാണ്. ഇതിനാവശ്യമായ നേതൃത്വം സൗഹൃദ കോഡിനേറ്റർമാർ എൻഎസ്എസ് കോഡിനേറ്റർമാർ നൽകേണ്ടതാണ്. ഈ ഒന്നാംഘട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്നതോടുകൂടി വിദ്യാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് ആറുമണിക്കൂർ ക്ലാസ്സുകളെങ്കിലും ലഭിക്കേണ്ടതുണ്ട്.
- 

തുടർന്ന് ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതല അവലോകനം നടക്കുന്നതാണ്.

- **ജൂൺ പതിനെട്ടാം** തീയതി ഒന്നാം വർഷ പ്രവേശനോത്സവത്തോടനുബന്ധിച്ച് പിടിഎ, സ്റ്റാഫ് യോഗം ചേരേണ്ടതും രക്ഷിതാക്കളിലേക്ക് ഈ പദ്ധതി ആശയം എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ജൂൺ 23 മുതൽ 30 ആം തീയതി വരെയുള്ള ദിവസങ്ങളിൽ ഒന്നാം വർഷ വിദ്യാർത്ഥികളിൽ **'കൂടെയുണ്ട് കരുത്തേകാൻ'** എന്ന ബോധവൽക്കരണ പരിശീലന പദ്ധതി പൂർണമായും എത്തിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

തുടർന്ന് രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതല അവലോകനം നടക്കുന്നതാണ്.

ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുതിനായി സംസ്ഥാന,മേഖല, ജില്ലാ തലത്തിലും സമിതികൾ ഉണ്ടാകുന്നതാണ്.

Signed by

Shajitha S

Date: 02-06-2025 14:19:05

ജോയിൻറ് ഡയറക്ടർ (അക്കാഡമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

എല്ലാ പ്രിൻസിപ്പൽമാർക്കും.

എല്ലാ ആർ ഡി ഡി മാർക്കും.

എല്ലാ ജില്ല/സൗഹൃദ/NSS കോഡിനേറ്റർമാർക്കും.